DESPATCHED On 12/8/21



9/8/21

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.544(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5212/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഓഗസ്റ്റ് 9**

ശ്രീ. പി.ഗോപാലകൃഷ്ണ പിള്ള,
ബി-17, ഉത്രാടം,
എസ്.എസ്.കോവിൽ ലെയിൻ,
കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & സ്പെഷ്യൽ സെക്രട്ടറി,
റൂം നമ്പർ: 836,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06/02/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 21/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/08/2021 - വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ഗോപാലകൃഷ്ണ പിള്ള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 5.10.2020 ന് ധനകാര്യ വകുപ്പ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച 9

പിരിവുകൾ അടങ്ങിയ വിവരാവകാശ അപേക്ഷയിലെ 8–ാം പിരിവിന് മറുപടി ലഭ്യമാക്കുന്നതിനായി ടി അപേക്ഷയുടെ പകർപ്പ് 16.12.2020–ലെ 1593481/ഇൻഫ2/252/2020/ധന നമ്പർ കത്ത് പ്രകാരം ഒന്നാം എതിർകക്ഷിയ്ക്ക് അയച്ചു കൊടുക്കുകയും ആയതിന് 16.1.2021–ന് മറുപടി ലഭിച്ചിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 22.1.2021–ന് സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി ലഭിച്ചിട്ടില്ലെന്നുമാണ്.

2. ഹർജിക്കാരൻ ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ് എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 8–ാം ഇനത്തിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരമാണ്:

> 2013 മുതൽ സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് നടപ്പിലാക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി തന്നെയാണോ പ്രസ്തുത വർഷത്തിനുശേഷം ജോലിയിൽ പ്രവേശിക്കുന്ന മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും 2013–ന് ശേഷം തെരഞ്ഞെടുക്കുന്ന എം.എൽ.എ. മാർക്കും മന്ത്രിമാർക്കും ലഭ്യമാക്കുന്നത്. അതോ 2013–ന് മുൻപ് നിലവിലുണ്ടായിരുന്ന പെൻഷൻ പദ്ധതിയാണോ ഈ വിഭാഗങ്ങൾക്ക് നിലവിൽ ലഭ്യമാക്കിയിട്ടുള്ളതെന്നുമാണ്.

3. ഒന്നാം എതിർകക്ഷി 16.01.2021–ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, മുൻ നിയമസഭാംഗങ്ങൾക്ക് "The Kerala Payment of Pension to Member of Legislature Act, 1976"–ലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് പെൻഷൻ അനുവദിക്കുന്നതെന്നും മുൻ നിയമസഭാംഗങ്ങൾക്ക് നാളിതുവരെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നും എം.എൽ.എ.മാരുടെ പേഴ്സണൽ സ്റ്റാഫിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാർ പേഴ്സണൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്നു എന്നും പ്രസ്തുത ജീവനക്കാർക്ക് മാതൃ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി അടിസ്ഥാനമാക്കി അർഹതയുള്ള പെൻഷൻ മാതൃ വകുപ്പിൽ നിന്നുമാണ് അനുവദിക്കുന്നതെന്നും എം.എൽ.എ.മാരുടെ അഡീഷണൽ സ്റ്റാഫുകൾക്ക് പെൻഷന് അർഹതയില്ലെന്നുമാണ്.

4. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയില്ല എന്നും ടി

അപേക്ഷയിൽ പുതുതായി ചേർത്തിരിക്കുന്ന (എ) മുതൽ (ഇ) വരെയുള്ള പിരിവുകൾക്കു കൂടി വിവരങ്ങൾ ലഭ്യമാക്കി അപ്പീൽ തീർപ്പാക്കണമെന്നുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 5.10.2020, 19.11.2020 എന്നീ തീയതികളിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ ധനകാര്യ (ഇൻഫർമേഷൻ) വകുപ്പിൽ നിന്നും 23.12.2020 തീയതി ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമാക്കിയിരുന്നു എന്നും പ്രസ്തുത അപേക്ഷയിലെ നിയമസഭാ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള മറുപടി 16.1.2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ടി മറുപടി തൃപ്തികമരമല്ലെന്നു ചൂണ്ടിക്കാട്ടി 22.1.2021-ന് ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും പ്രസ്തുത അപേക്ഷയിൽ ഒന്നാമത്തെ അപേക്ഷയിൽ ഉന്നയിച്ചിട്ടില്ലാത്ത ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും ടി അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദമായ മറുപടി 6.2.2021-ലെ 31/എ.പി.എ/2021/നി.സെ. നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരന് നൽകിയിരുന്നു എന്നും ആദ്യം നൽകിയ അപേക്ഷയിൽ ഇല്ലാത്ത ചോദ്യങ്ങൾ അപ്പീൽ അപേക്ഷയിൽ ചോദിക്കുന്നത് വിവരാവകാശ നിയമത്തിലെ അപ്പീൽ വ്യവസ്ഥകൾക്ക് അനുസൃതമല്ലെന്നും വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകുന്നതിൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ധനകാര്യ (ഇൻഫർമേഷൻ) വകുപ്പിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 8-ാം പിരിവിന് മറുപടി നൽകുന്നതിനായി ലഭിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയും ആയതിനെതിരെ നൽകിയ ഒന്നാം അപ്പീലിന് 2-ാം എതിർകക്ഷിയും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഒന്നാം അപ്പീലിന്മേൽ തീർപ്പ് ലഭിച്ചിട്ടില്ലെന്നുമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പ്രകാരം ഹർജിക്കാരന്റെ അപേക്ഷയിലെ 8-ാം ഇനം സംബന്ധിച്ച് വിശദമായ മറുപടി തയ്യാറാക്കി 10 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചുകൊണ്ടും, വിവരാവകാശ അപേക്ഷയിൽ ഉന്നയിക്കാത്ത ചോദ്യങ്ങൾ അപ്പീൽ അപേക്ഷയിൽ ചേർത്ത് വിവരം ആവശ്യപ്പെടുന്നത് വിവരാവകാശ നിയമത്തിലെ അപ്പീൽ വ്യവസ്ഥകൾക്ക് അനുസൃതമല്ല എന്ന കാര്യം അപേക്ഷകനെ കമ്മീഷൻ

RIGHT TO INFORMATION

ഓർമ്മപ്പെടുത്തികൊണ്ടും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

us